<u>മേലെഴുത്ത് കത്ത് നം .ഇ ബി4- 12546/2025/ആവഡ തീയതി</u>

**#ApprovedDate#**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും

തുടർനടപടിക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു .

Signed by
Reena K J
Date: 04-11-2025 17:47:56

**ആരോഗ്യവകുപ്പ് ഡയറക്ടർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം- ഡോ ഹബീബുള്ള എം, അസിസ്റ്റന്റ് ഡെന്റൽ സർജൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 949/2025 മേലുള്ള 04-07-2025 തീയതിയിലെ ഉത്തരവ്- അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3322/2025/H&FWD തീയതി,തിരുവനന്തപുരം, 30-10-2025

---

പരാമർശം:-

1. ഡോ ഹബീബുള്ള എം ആരോഗ്യ വകുപ്പ് ഡയറക്ടർ മുൻപാകെ സമർപ്പിച്ച 05-06-2025 തീയതിയിലെ അപ്പീൽ അപേക്ഷ (Annexure A12)
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 949/2025 മേലുള്ള 04-07-2025 തീയതിയിലെ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15-08-2025 തീയതിയിലെ DHS/12546/2025-EB4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലെ സ്ഥലംമാറ്റത്തിൽ സ്വന്തം ജില്ലയായ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകുന്നതിന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ഡോ ഹബീബുള്ള എം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA 949/2025 ഫയൽ ചെയ്തിരുന്നു.

2. പ്രസ്തുത OA യിന്മേലുള്ള പരാമർശം (2) ഉത്തരവിൽ അപേക്ഷകൻ സമർപ്പിച്ച Annexure A12 അപ്പീൽ പരിഗണിച്ച് ഉത്തരവിന്റെ പകർപ്പ് ലഭിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിക്ക് ബഹു.ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു.

3. പരാമർശം (1) പ്രകാരമുള്ള Annexure A12 അപ്പീൽ ഡോ ഹബീബുള്ള ആരോഗ്യ വകുപ്പ് ഡയറക്ടർ മുൻപാകെയാണ് സമർപ്പിച്ചിരുന്നത്. Annexure A12 അപ്പീലിൽ താഴെപ്പറയുന്ന വിവരങ്ങൾ ബോധിപ്പിച്ചിരുന്നു.

രണ്ട് വർഷമായി ഇടുക്കി മറയൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്ത് വരുന്നു. Difficult rural area ആയതിനാൽ രണ്ട് വർഷത്തെ സേവനം മൂന്ന് വർഷമായി കണക്കാക്കേണ്ടതാണ്. ആയതിനാൽ സ്ഥലംമാറ്റത്തിന് അർഹതയുണ്ട്. സ്വന്തം ജില്ലയ്ക്ക് പുറത്ത് കാസറഗോഡ്. ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിൽ ജോലി ചെയ്തിട്ടുള്ളതിനാലും ജില്ലക്ക് പുറത്ത് 6 വർഷത്തെ സേവനദൈർഘ്യം ഉള്ളതിനാലും സ്വന്തം ജില്ലയിൽ സ്ഥലംമാറ്റം ലഭിക്കാൻ അർഹതയുണ്ട്. 25/5/2025 തീയതിയിലെ ഇ.ബി4/12546/2025 നമ്പർ ഉത്തരവിൽ 2 വർഷത്തെ കാലാവധി കണക്കാക്കേണ്ടത് 30/4/2025 ന് ആണെന്നും തനിക്ക് 2 വർഷം തികയുന്നത് 27/6/2025 ൽ മാത്രമാണെന്നും അതിനാൽ ട്രാൻസ്ഫറിന് അർഹതയില്ല എന്നും പറഞ്ഞിരിക്കുന്നു. എന്നാൽ പൊതുസ്ഥലമാറ്റ മാനദണ്ഡത്തിലെ ഇനം 11 അനുസരിച്ച് ജില്ലയ്ക്ക് പുറത്തുള്ള മൊത്തം സർവീസ് കണക്കാക്കേണ്ടതാണെന്ന് ഉത്തരവിൽ പറഞ്ഞിട്ടുണ്ടെങ്കിൽ കൂടിയും തനിക്ക് അതിന്റെ പരിഗണന ലഭ്യമായിട്ടില്ല. കൂടാതെ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയുടെ 2025 പൊതുസ്ഥലംമാറ്റത്തിലെ അന്തിമ പട്ടികയിൽ ഡോ. അഫ്സലിനെ താലൂക്കാശുപത്രി ആറ്റിങ്ങലിൽ നിന്നും താലൂക്കാസ്ഥാന ആശുപത്രി മലയിൽകീഴിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. എന്നാൽ ഡോ.അഫ്സൽ ആറ്റിങ്ങലിൽ 13/5/22 മുതൽ മാത്രമാണ് സേവനമനുഷ്ഠിക്കുന്നത് .ആയതിനാൽ ഡോ.അഫ്സലിന് 30/4/25 ൽ മൂന്ന് വർഷം പൂർത്തിയാകുന്നില്ല. കൂടാതെ അസിസ്റ്റന്റ് ഡെന്റൽ സർജൻ ഡോ. ശ്രീകല മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രിയിലേക്ക് ട്രാൻസ്ഫർ ചെയ്തത് ഇഎ.2- 600/2022/ആ.വ. തിയതി 19/7/22ലെ ഉത്തരവുപ്രകാരമാണ്. ആ തീയതി മുതൽ കണക്കാക്കുമ്പോൾ ഡോ.ശ്രീകലക്ക് 19-07-2025 ൽ മാത്രമേ മൂന്ന് വർഷം പൂർത്തിയാകുകയുള്ളൂ. പ്രസ്തുത സാഹചര്യത്തിൽ 30/4/2025 ൽ 3 വർഷം പൂർത്തിയായിട്ടില്ല എന്ന കാരണത്താൽ തനിക്ക് ട്രാൻസ്ഫർ നിഷേധിച്ചത് വിവേചനാപരമാണ് . 2025 ലെ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലെ പൊതുസ്ഥലംമാറ്റ അന്തിമ ലിസ്റ്റിൽ തന്നെ ഉൾപ്പെടുത്താത്ത തീരുമാനം പുനഃപരിശോധിച്ച് തനിക്ക് അർഹമായ സ്ഥലംമാറ്റം നൽകണം. സ്വന്തം ജില്ലയായ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണം.

3. പ്രസ്തുത വിഷയം സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം താഴെപ്പറയുന്ന റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

ഡോ .ഹബീബുള്ള .എം 27/6/2023 മുതൽ ഇടുക്കി ജില്ലയിലെ മറയൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റൻറ് ദന്തൽ സർജൻ ആയി ജോലി ചെയ്തു വരുന്നു . പൊതുസ്ഥലംമാറ്റത്തിനായുള്ള ഉത്തരവ് പ്രകാരം നിലവിലെ സ്റ്റേഷനിൽ 3 വർഷം

പൂർത്തിയാകുന്ന ജീവനക്കാരെ മാത്രമേ പൊതുസ്ഥലംമാറ്റത്തിൽ പരിഗണിക്കാൻ നിർവാഹമുള്ളൂ. എന്നാൽ മലയോര /ട്രൈബൽ സ്റ്റേഷൻ /വിദൂര സ്റ്റേഷൻ എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള സ്ഥലങ്ങളിൽ 2 വർഷം സേവനം പൂർത്തിയാകുന്നവർക്ക് 3 വർഷമായി പരിഗണിക്കുന്നതാണ്. ഡോ.ഹബീബുള്ള.എം സേവനമനുഷ്ഠിക്കുന്നത് ഇടുക്കി ജില്ലയിലെ മറയൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആണ് . എന്നാൽ ഡോ .ഹബീബുള്ള .എം 27/6/2023 മുതലാണ് നിലവിലെ സ്റ്റേഷനിൽ സേവനമനുഷ്ഠിക്കുന്നത് . 2025 ഏപ്രിൽ 30 വരെയുള്ള സേവനം കണക്കിലെടുത്താണ് 2025 പൊതുസ്ഥലംമാറ്റത്തിനുള്ള സർവ്വീസ് ദൈർഘ്യം കണക്കാക്കുന്നത് . സ്വന്തം ജില്ലയിലേക്കുള്ള സ്ഥലംമാറ്റത്തിന് ഒന്നിൽ കൂടുതൽ ജില്ലകളിലെ സർവ്വീസ് ഉണ്ടെങ്കിൽ അവ ഒരുമിച്ച് കണക്കിലെടുക്കാവുന്നതാണ് . എങ്കിലും പൊതുസ്ഥലംമാറ്റത്തിനായുള്ള സർക്കാർ ഉത്തരവ് പ്രകാരം ഹർജിക്കാരൻ നിലവിലെ സ്റ്റേഷനിൽ 2 വർഷം പൂർത്തിയാകാത്തതിനാൽ പ്രസ്തുത വാദം പരിഗണിക്കുവാൻ നിർവാഹമില്ല . 2025 പൊതുസ്ഥലംമാറ്റത്തിൽ ഡോ.അഫ്സൽ .എ.എസ് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു . സ്പാർക് പരിശോധിച്ചതിൻ പ്രകാരം ഡോ. അഫ്സൽ .എ.എസ് 01/4/2022 മുതലാണ് താലൂക്കാസ്ഥാന ആശുപത്രി ആറ്റിങ്ങലിൽ സേവനത്തിൽ പ്രവേശിച്ചത് . എന്നിരുന്നാലും ആയത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും clarification ആവശ്യപ്പെട്ടിട്ടുണ്ട്. മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രിയിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻ ആയ ഡോ . ശ്രീകല. കെ .വി യുടെ വിരമിക്കൽ തീയതി 31/5/2026 ആണ് . ആയത് പരിഗണിച്ചാണ് പൊതു സ്ഥലംമാറ്റത്തിനായുള്ള സർക്കാർ ഉത്തരവിലെ ഖണ്ഡിക 10(xi) അനുസരിച്ച് ഡോ ശ്രീകലയ്ക്ക് ഐരാണിമുട്ടം സി എച്ച് സി യിലേക്ക് സ്ഥലംമാറ്റം നൽകിയത്. പൊതുസ്ഥലംമാറ്റത്തിനായുള്ള സർക്കാർ ഉത്തരവ് പ്രകാരം നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാകുന്ന ജീവനക്കാരെ മാത്രമാണ് പൊതുസ്ഥലംമാറ്റത്തിൽ പരിഗണിക്കാൻ നിർവാഹമുള്ളൂ. നിലവിലെ സ്റ്റേഷനിൽ 2 വർഷം പൂർത്തിയാകാത്തതിനാൽ അപേക്ഷകന്റെ വാദം പരിഗണിക്കാൻ നിർവ്വാഹമില്ല.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട 25-02-2017 ലെ സ.ഉ(പി) 3/2017/P&ARD ഉത്തരവ് പ്രകാരം നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാകുന്ന ജീവനക്കാരെ മാത്രമാണ് പൊതുസ്ഥലംമാറ്റത്തിൽ പരിഗണിക്കാൻ നിർവാഹമുള്ളൂവെങ്കിലും മലയോര /ട്രൈബൽ സ്റ്റേഷൻ /വിദൂര സ്റ്റേഷൻ എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള സ്ഥലങ്ങളിൽ 2 വർഷം സേവനം പൂർത്തിയാകുന്നവർക്ക് 3 വർഷമായി പരിഗണിക്കുന്നതാണ് . ഡോ. ഹബീബുള്ള.എം സേവനമനുഷ്ഠിക്കുന്ന ഇടുക്കി

ജില്ലയിലെ മറയൂർ സാമൂഹികാരോഗ്യ കേന്ദ്രം Difficult rural area ൽ ഉൾപ്പെടുന്നതാണ്. എന്നാൽ ഡോ.ഹബീബുള്ള .എം 27/6/2023 മുതലാണ് അവിടെ സേവനമനുഷ്ഠിക്കുന്നത് . 2025 ഏപ്രിൽ 30 വരെയുള്ള സേവനം കണക്കിലെടുത്താണ് 2025 പൊതുസ്ഥലംമാറ്റത്തിനുള്ള സർവീസ് ദൈർഘ്യം കണക്കാക്കുന്നത്. സ്വന്തം ജില്ലയിലേക്കുള്ള സ്ഥലംമാറ്റത്തിന് ഒന്നിൽ കൂടുതൽ ജില്ലകളിലെ സർവ്വീസ് ഉണ്ടെങ്കിൽ അവ ഒരുമിച്ച് കണക്കിലെടുക്കാവുന്നതാണ് എങ്കിലും പൊതുസ്ഥലംമാറ്റത്തിനായുള്ള സർക്കാർ ഉത്തരവ് പ്രകാരം അപേക്ഷകൻ നിലവിലെ സ്റ്റേഷനിൽ 2 വർഷം പൂർത്തിയാകാത്തതിനാൽ സ്വന്തം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണമെന്നുള്ള അപേക്ഷകന്റെ വാദം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ ഡോ.ഹബീബുള്ള. എം സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള Annexure A12 അപ്പീൽ അപേക്ഷയിലെ ആവശ്യം നിരസിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം
ഡോ.ഹബീബുള്ള എം, അസിസ്റ്റന്റ് ഡെന്റൽ സർജൻ, സാമൂഹികാരോഗ്യ കേന്ദ്രം, മറയൂർ, ഇടുക്കി -685620
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 30-10-2025 13:00:25